**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4217 — 12.11.2019-ലെ മറുപടിയ്ക്ക്

**കായിക മേളകളിൽ വോളന്റിയർമാരായി കുട്ടികളെ നിയമിക്കുന്ന പ്രവണത**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | പാലായിൽ വച്ച് നടന്ന സംസ്ഥാന ജൂനിയർ മീറ്റിൽ ഹാമർത്രോ മത്സരത്തിനിടെ ഉണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നടക്കുന്ന കായിക മേളകളിൽ വോളന്റിയർമാരായി കുട്ടികളെ നിയമിക്കുന്ന പ്രവണത എന്നേയ്ക്കുമായി അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സ്കൂൾ കായിക മേളകളിൽ കുട്ടികളെ വോളന്റിയർമാരായി നിയോഗിക്കരുതെന്ന് വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പോർട്സ് അസോസിയേഷനുകൾ സംസ്ഥാനത്ത് നടത്തുന്ന കായിക മത്സരങ്ങളിൽ ഇത്തരത്തിലുള്ള അപകാതകൾ ഉണ്ടാകാതിരിക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തുവാൻ കായിക അസോസിയേഷനുകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. |
| (ബി) | കേരളത്തിലെ കായിക മത്സരങ്ങൾ അപകടങ്ങളില്ലാതെ സുഗമമായി നടത്താൻ സുരക്ഷാചട്ടം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കേരളത്തിലെ കായിക മത്സരങ്ങൾ അപകടങ്ങളില്ലാതെ സുഗമമായി നടത്തുന്നതിന്റെ ഭാഗമായി അതാത് കായിക ഇനത്തിന്റെ അംഗീകൃത നിയമം നിഷ്കർഷിക്കുന്ന സുരക്ഷാക്രമീകരണങ്ങൾ കർശനമായും ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പാലായിൽ സംസ്ഥാന ജൂനിയർ മീറ്റിനിടെ ഉണ്ടായ ഹാമർത്രോ അപകടത്തെക്കുറിച്ച് അന്വേഷിക്കുന്ന സമിതി കായിക വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചുവോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന ഭാവിയിലേക്കുള്ള മുൻകരുതലുകൾ ചുവടെ ചേർക്കുന്നു.<br>1) സംസ്ഥാനതല ഏജ് ഗ്രൂപ്പ് മത്സരങ്ങൾ ഇപ്പോൾ മൂന്ന് ദിവസമായിട്ടാണ് നടക്കുന്നത്. അത് ദേശീയ മത്സരങ്ങൾ നടത്തുന്നതുപോലെ തന്നെ അഞ്ച് ദിവസങ്ങളിലായി നടത്തുക. ആയതിനാൽ മത്സര ഇടവേളകൾക്ക് കൂടുതൽ സമയം ലഭിക്കുന്നു. |

| | | | |
|---|---|---|---|
| | | | 2) ദീർഘദൂര ത്രോയിംഗ് ഇവന്റായ ജാവലിൻ, ഡിസ്ക്, ഹാമർത്രോ എന്നിവ ഒരേ ദിശയിൽ നിന്ന് നടത്താതിരിക്കുക. അങ്ങനെ നടത്തേണ്ടിവരുന്നു എങ്കിൽ നിർബന്ധമായും ഒരു മത്സര ഇനം പൂർത്തികരിച്ചതിനുശേഷം മാത്രം അടുത്തത് തുടങ്ങുക.<br><br>3) ഓർഡർ ഓഫ് ഈവന്റ് തയ്യാറാക്കുമ്പോൾ ഒരേ ദിശയിൽ നിന്ന് ഒരേ സമയത്ത് രണ്ട് ദീർഘദൂര ത്രോ ഇനങ്ങൾ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.<br><br>4) നിയമം അനുശാസിക്കുന്നത് മത്സരനടത്തിപ്പിന് യോഗ്യത നേടിയ ടെക്നിക്കൽ ഒഫിഷ്യസിനെ തന്നെ ഉപയോഗിക്കണമെന്നാണ്. വോളിന്റയർമാരെ സംഘാടന ചുമതലകൾക്കല്ലാതെ സാങ്കേതിക നടത്തിപ്പിന് ഉപയോഗിക്കുവാൻ പാടില്ല. ട്രെയിൻഡ് ഒഫിഷ്യൽസിനെ മാത്രമേ ഫീൽഡ് മത്സരങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളു.<br><br>5) മഴ സമയത്ത് ത്രോയിംങ് മത്സരങ്ങൾ യാതൊരു കാരണവശാലും നടത്തരുത്. നടത്തുന്നതു കാരണം കായിക താരം വഴുതി വീഴാനും ഇംപ്ലിമെന്റ് കൈയിൽ നിന്നും വഴുതിപോകാനും ഒഫിഷ്യൽസിന് ഇംപ്ലിമെന്റിന്റെ ദിശ ശരിക്കും കാണാനും കഴിയാതെ അപകടമുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്.<br><br>6) ഡിസ്ക്, ഹാമർ എന്നീ ത്രോയിംങ് ഇനങ്ങൾക്ക് കേജ് ഉണ്ടെങ്കിലും ഇംപ്ലിമെന്റ് പുറത്തേയ്ക്ക് പോയി ട്രാക്കിൽ വീഴാനുള്ള സാദ്ധ്യത ഉള്ളതിനാൽ ട്രാക്കിൽ മത്സരങ്ങൾ നടക്കുമ്പോൾ താൽക്കാലികമായി ത്രോയിംങ് മത്സരങ്ങൾ നിർത്തിവയ്ക്കേണ്ടതാണ്.<br><br>7) മത്സരത്തിനു മുൻപായി ട്രയൽ എറിഞ്ഞു നോക്കുന്ന അവസരത്തിൽ ഇംപ്ലിമെന്റ് തിരികെ എത്തിക്കുന്നത് ഉത്തരവാദിത്വപ്പെട്ട ഒഫിഷ്യൽസ് തന്നെ ആയിരിക്കണം. മത്സരാർത്ഥികൾ ഇംപ്ലിമെന്റ് എടുക്കാൻ പോകരുത്. ഇംപ്ലിമെന്റ് തിരികെ കൊണ്ടു വന്നതിനു ശേഷമേ അടുത്ത മത്സരാർത്ഥി |

| | | | |
|---|---|---|---|
| | | | ട്രയൽ ചെയ്യാൻ പാടുള്ളൂ.<br>8) പോൾവാൾട്ട്, ഹൈജമ്പ് എന്നീ മത്സരങ്ങൾ നടത്തുമ്പോൾ പലപ്പോഴും കായിക താരങ്ങൾ പിറ്റിനു വെളിയിൽ വീഴുവാനുള്ള സാധ്യത ഉള്ളതിനാൽ അപ്രോച്ച് റൺ ഒഴികെയുള്ള മറ്റു മൂന്നു വശങ്ങളിലും ജംപിംങ് പിറ്റിനു വെളിയിലായി പ്രത്യേകം മാറ്റ് ഇട്ട് സുരക്ഷ ഉറപ്പാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ